<u>പാകിസ്ഥാന് ഹൈക്കമ്മീഷണര്ക്ക് കേന്ദ്ര വിദേശകാര്യമന്ത്രാലയത്തിന്റെ താക്കീത്</u>

ഏപ്രില് 10, 2017

ഇന്ന് വിദേശകാര്യ സെക്രട്ടറി പാകിസ്ഥാന് ഹൈക്കമ്മീഷണര് ശ്രീ അബ്ദുല് ബാസിതിനെ വിളിച്ചു വരുത്തി താഴെപറയുന്ന ശക്തമായ താക്കീതുകള് കൈമാറി :

ശ്രീ കുല്ഭൂഷന് ജാദവ്, എന്ന ഇന്ത്യന് പൌരന് പാകിസ്ഥാന് സൈനിക കോടതി വധ ശിക്ഷ വിധിച്ചതുമായി ബന്ധപ്പെട്ടുള്ള ഐഎസ്പിആര് പത്രക്കുറിപ്പ് ഞങ്ങള് ഇന്ന് കാണുകയുണ്ടായി .

ശ്രീ ജാദവിനെ കഴിഞ്ഞ വര്ഷം ഇറാനില് നിന്നും തട്ടിയെടുക്കപ്പെട്ടതും പാകിസ്ഥാനില് അദ്ദേഹത്തിന്റെ സാന്നിധ്യം ഒരിക്കല് പോലും വിശ്വാസ്യതയോടെ വിവരിക്കുകയും ചെയ്യാത്തതാണ്. ഇസ്ലാമാബാദിലെ ഞങ്ങളുടെ ഹൈക്കമ്മീഷന് മുഖേനെ ഗവണ്മെന്റ് ഓഫ് ഇന്ത്യ അദ്ദേഹത്തിന് അന്താരാഷ്ട്ര നിയമം നല്കുന്ന നിയമ സഹായം നിരന്തരമായി ആവശ്യപ്പെട്ടതാണ് . അതിനു വേണ്ടിയുള്ള അപേക്ഷകള് 25 മാര്ച്ച് 2016 മുതല് 31 മാര്ച്ച് 2017 വരെ 13 തവണ ഔദ്യോഗികമായി നല്കിയിരുന്നു . പക്ഷെ അത് പാകിസ്ഥാന് അധികൃതര് അനുവദിച്ചില്ല

വിശ്വാസ്യമുള്ള ഒരു തെളിവുകളുടെയും അഭാവത്തില് ഇല്ലാതെ ശ്രീ ജാദവിന് വധശിക്ഷ നല്കുവാനുള്ള നീക്കങ്ങള് വെറും പ്രഹസനം മാത്രമാണ് . ശ്രീ ജാദവിന്റെ വിചാരണക്കായി കൊണ്ട് വന്നതിനെ കുറിച്ച് നമ്മുടെ ഹൈക്കമ്മീഷനെ അറിയിച്ചിട്ട് പോലുമില്ല എന്നത് പ്രധാനമാണ് . തെളിവുകളുടെ പര്യാപ്തതയെ കുറിച്ചു മുതിര്ന്ന പാകിസ്ഥാന് നേതാക്കളും സംശയം പ്രകടിപ്പിച്ചിരുന്നു . വിചാരണയ്ക്ക് ശ്രീ ജാദവിനു വേണ്ടി വാദിക്കുവാന് ഒരു ഉദ്യോഗസ്ഥനെ നല്കി എന്നുള്ള ഐഎസ്പിആര് കുറിപ്പ് പോലും അപഹാസ്യമാണ്

നീതിയുടെയും നിയമത്തിലെയും അടിസ്ഥാന തത്വങ്ങള് പോലും പാലിക്കാതെ ഇന്ത്യന് പൌരനെതിരായ ഈ വധശിക്ഷ നടപ്പിലാക്കുകയാണെങ്കില് ഇന്ത്യയിലെ ഗവണ്മെന്റും ജനങ്ങളും ഇത് ആസൂത്രിതമായ കൊലപാതകമായി കണക്കാക്കും

ന്യൂഡെല്ഹി
ഏപ്രില് 10, 2017